ഉത്തരം

(എ—സി) അച്ചടി ജോലികൾ മുടങ്ങുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇൻസ്പെക്ടറേറ്റിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഒഴിവുള്ള തസ്തികകളിൽ ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) അന്വേഷിച്ചു നടപടി സ്വീകരിക്കാവുന്നതാണ്.

ബാലഭവൻ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ

12 [2303] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക–പട്ടിക സമുദായ ക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ജവഹർ ബാലഭവനുകൾ പ്രവർത്തിക്കുന്നുണ്ട്; ഇവയുടെ പ്രവർത്തനങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(ബി) ബാലഭവനിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ എന്തൊക്കെയാണ്;

(സി) ഇവരുടെ വേതനം വർദ്ധിപ്പിക്കുന്നതിൽ തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) തൃശ്ശൂർ ജവഹർ ബാലഭവൻ ഇന്ത്യയിലെതന്നെ ഏറ്റവും നന്നായി പ്രവർത്തിക്കുന്ന ബാലഭവൻ എന്നത് കണക്കിലെടുത്ത് കൂടുതൽ സഹായം നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) തൃശ്ശൂർ ബാലഭവന് സർക്കാർ എത്ര സ്ഥലം സ്വന്തമായി അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(എഫ്) ബാലഭവൻ ഇന്ന് ഉപയോഗിച്ചു വരുന്ന സ്ഥലം ഇവർക്ക് സ്വന്തമായി പതിച്ചു നൽകുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ?

ഉത്തരം

(എ) അഞ്ച് ജവഹർ ബാലഭവനുകൾ പ്രവർത്തിക്കുന്നുണ്ട്. ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന്റെ പരിശോധനകൾ നടക്കുന്നുണ്ട്.

(ബി) അനുബന്ധമായി വച്ചിരിക്കുന്നു. †

(സി) ഇല്ല.

(ഡി) ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

(ഇ) സ്വന്തമായി അമ്പത് സെന്റ് സ്ഥലം ഉണ്ട്.

(എഫ്) നിർദ്ദേശം പരിഗണനയിലുണ്ട്.

അവശകലാകാരൻമാരുടെ പെൻഷൻ

13 [2304] ശ്രീ. വി. ജെ. പൗലോസ്:
,, ബി. വിജയകുമാർ:
,, പി. ടി. തോമസ്:
,, ജി. പ്രതാപവർമ്മ തമ്പാൻ:
പ്രൊഫ. സാവിത്രി ലക്ഷ്മണൻ: താഴെ കാണുന്ന ചോദ്യത്തിന് പിന്നോക്ക–പട്ടിക സമുദായക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്ത് ഇപ്പോഴും എത്ര അവശകലാകാരൻമാർക്ക് പെൻഷൻ നൽകുന്നുണ്ട്; പ്രതിമാസം എത്ര രൂപ വീതമാണ് പെൻഷൻ നൽകുന്നത്?

ഉത്തരം

1422 പേർക്ക്. 500 രൂപ വീതം.

നാഷണൽ ഹൈവേ ഉപയോഗിക്കുന്നവർ നൽകേണ്ടി വരുന്ന ടോൾ

14 [2305] ശ്രീ. കെ. എ. ചന്ദ്രൻ:
ശ്രീമതി ലേഖ്സി രാവി:
ശ്രീ. ബി. വിജയകുമാർ:
,, കെ. സി. ജോസഫ്. താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള നാഷണൽ ഹൈവേ ഏതെല്ലാമാണ്; ഇവ വികസിപ്പിക്കുന്നത് ബി.ഒ.ടി. അടിസ്ഥാനത്തിലാണോ എന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ നാഷണൽ ഹൈവേ ഉപയോഗിക്കുന്നവർ ടോൾ നൽകേണ്ടതായി വരുമോ;

(സി) ബി.ഒ.ടി. അടിസ്ഥാനത്തിൽ നടത്തുന്ന മരാമത്ത് പണികൾ പൂർത്തിയായി അവ ഉപയോഗിക്കാൻ തുടങ്ങുമ്പോൾ ജനങ്ങളിൽനിന്ന് ടോൾ പിരിക്കുന്നതിന് പകരം ബി.ഒ.ടി. അടിസ്ഥാനത്തിൽ വർക്ക് ഏറ്റെടുത്ത് നടത്തിയവർക്ക് ആനുവിറ്റി കൊടുക്കുന്ന ഏർപ്പാടുണ്ടാക്കുന്നതിനെപ്പറ്റി പരിഗണിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) എൻ.എച്ച്. 17, എൻ. എച്ച്. 47, എൻ. എച്ച്.47 (എ), എൻ. എച്ച്. 49, എൻ. എച്ച്. 208, എൻ. എച്ച്. 212, എൻ. എച്ച്. 213, എൻ. എച്ച്. 220 എന്നിങ്ങനെ 8 ദേശീയ പാതകളാണ് സംസ്ഥാനത്തിലുള്ളത്.

താഴെപ്പറയുന്ന ദേശീയപാതകളെ ബി.ഒ.ടി. അടിസ്ഥാനത്തിൽ നാലു വരിപ്പാതയായി വികസിപ്പിക്കുവാൻ കേന്ദ്ര സർക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്:

എൻ. എച്ച്. 47 ചേർത്തല മുതൽ തിരുവനന്തപുരം വരെ, എൻ. എച്ച് 17 ഇടപ്പള്ളി മുതൽ കോഴിക്കോട് വരെ, എൻ. എച്ച്. 17 കോഴിക്കോട് മുതൽ മംഗലാപുരം വരെ.

(ബി) കേന്ദ്രസർക്കാരാണ് ഇതുസംബന്ധിച്ച് തീരുമാനമെടുക്കുന്നത്.

(സി, ഡി) ഇക്കാര്യം പരിശോധിക്കുന്നതാണെന്ന് എൻ.എച്ച്.എ.ഐ അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly